# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ഫയൽ നം. 1910/ആർ 1/2023/കെ.ഡി.ആർ.ബി 16.12.2024

## <u>അറിയിപ്പ്</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത **തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഓവർസീയർ ഗ്രേഡ് III(സിവിൽ) (കാറ്റഗറി നം. 10/2023) തസ്തികയുടെ 04.12.2024 ൽ പ്രസിദ്ധീകരിച്ച ചുരുക്ക പട്ടികയിൽ** ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ **06.01.2025, 07.01.2025** തീയതികളിൽ തിരുവനന്തപുരത്തുള്ള **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ** വച്ച് രാവിലെ **10.30** മണി മുതൽ നടത്തുന്നതാണ്. ചുരുക്ക പട്ടികയിലെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിൽ ആയിരിക്കും വെരിഫിക്കേഷൻ നടത്തുന്നത്. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം നിശ്ചയിക്കപ്പെട്ട സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്. യാതൊരു കാരണവശാലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെയോ, പ്രമാണങ്ങൾ ഹാജരാക്കുന്നതിന്റെയോ സമയപരിധി നീട്ടി നൽകുന്നതല്ല. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. ചുരുക്ക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കു ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ "**ദേവജാലിക**" പ്രൊഫൈലിൽ നൽകിയിട്ടുള്ള രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് SMS മുഖേനയും അയക്കുന്നതാണ്. 01.01.2025 തീയതി വരെ എസ്.എം.എസ് അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ അടിയന്തിരമായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-
അസിസ്റ്റന്റ് സെക്രട്ടറി
സെക്രട്ടറി - ഇൻ -ചാർജ്
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്